ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്,ശാന്തി നഗർ,
തിരുവനന്തപുരം

എ.സി.ഡി. സി3/16830/13/എച്ച്.എസ്.ഇ

തീയതി: 01/08/2014

## സർക്കുലർ

വിഷയം: ഒരു ബാച്ച് മാത്രം അനുവദിച്ച സ്കൂളുകൾ വിഷയ കോമ്പിനേഷനുകൾ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച്.

സൂചന: സ.ഉ(കൈ).നം143/2014/പൊ.വി.വ തീയതി 31/07/2014

സൂചന സർക്കാർ ഉത്തരവിലൂടെ സംസ്ഥാനത്ത് 2014-2015 അധ്യയന വർഷത്തേയ്ക്ക് സർക്കാർ, എയ്ഡഡ് മേഖലകളിൽ പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധിക ഹയർസെക്കന്ററി ബാച്ചുകളും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഓരോ ബാച്ചുകൾ വീതം അനുവദിച്ച് ഉത്തരവായ സ്കൂളുകളിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപന പ്രകാരം നേരത്തെ അപേക്ഷിച്ച കോമ്പിനേഷനുകളിൽ ഏതെങ്കിലും ഒന്ന് സ്കൂൾ അധികാരികൾ തിരഞ്ഞെടുത്ത് ആ വിവരം രേഖാമൂലം അതത് ഹയർസെക്കന്ററി റിജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ ആഗസ്റ്റ് 4 ന് വൈകിട്ട് 5 മണിക്ക് മുൻപായി അറിയിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല അത്തരം സ്കൂളുകളിലെ കോമ്പിനേഷനെ സംബന്ധിച്ച് വകുപ്പ് തലത്തിൽ ഉചിത തീരുമാനം എടുക്കുന്നതാണ്. സ്കൂൾ അധികാരികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിൽ പട്ടിക തയ്യാറാക്കി ആഗസ്റ്റ് 5 ന് തന്നെ ആയത് ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ബന്ധപ്പെട്ട റിജീയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ എത്തിക്കേണ്ടതാണ്.

| ജില്ല | റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | തിരുവനന്തപുരം |
| ആലപ്പുഴ, കോട്ടയം, ഇടുക്കി | കോട്ടയം |
| എറണാകുളം, തൃശ്ശൂർ | എറണാകുളം |
| പാലക്കാട്, മലപ്പുറം | മലപ്പുറം |
| കോഴിക്കോട്, വയനാട് | കോഴിക്കോട് |
| കണ്ണൂർ, കാസർഗോഡ് | കണ്ണൂർ |

വിഷയകോമ്പിനേഷനുകൾ അനുവദിച്ച് ഉത്തരവായതിന് ശേഷം പുതുതായി അനുവദിച്ച ബാച്ചുകളിലേയ്ക്കുള്ള പ്രവേശനത്തെ സംബന്ധിച്ച് വിശദനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതായിരിക്കും അതിന് ശേഷം മാത്രമെ പുതുതായി അനുവദിച്ച സ്കൂളുകളിലും അധിക ബാച്ചുകളിലും ഉള്ള പ്രവേശന നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂ.

ഒപ്പ്/-
**ഡയറക്ടർ**